# ആസിയാൻ സെക്രട്ടറി ജനറൽ ഇന്ത്യ സന്ദർശിക്കും (ഫെബ്രുവരി 11-15, 2024)

ഫെബ്രുവരി 9, 2024

ഭാരത സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് ആസിയാൻ സെക്രട്ടറി ജനറൽ ഡോ. കാവോ കിം ഹോൺ 2024 ഫെബ്രുവരി 11 മുതൽ 15 വരെയുള്ള തീയതികളിൽ ഇന്ത്യ സന്ദർശിക്കും. 2023 ജനുവരിയിൽ ചുമതല ഏറ്റെടുത്ത ശേഷം ഡോ. കാവോ നടത്തുന്ന ആദ്യ ഇന്ത്യ സന്ദർശനമാണിത്.

2. സന്ദർശന വേളയിൽ വിദേശകാര്യ മന്ത്രിയുമായും മറ്റ് പ്രമുഖ വ്യക്തികളുമായും ഡൽഹിയിൽ വച്ച് ആസിയാൻ സെക്രട്ടറി ജനറൽ കൂടിക്കാഴ്ചകൾ നടത്തും. "വികസിച്ചുകൊണ്ടിരിക്കുന്ന പ്രാദേശിക ഘടനയിൽ ആസിയാൻ-ഇന്ത്യ സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം" എന്ന വിഷയത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫേഴ്സ് (ICWA) സംഘടിപ്പിക്കുന്ന സപ്രു ഹൗസ് പ്രഭാഷണം അദ്ദേഹം നിർവഹിക്കും.

3. ഗയയിലുള്ള യുനെസ്കോ ലോക പൈതൃക കേന്ദ്രമായ മഹാബോധി ക്ഷേത്രം ആസിയാൻ സെക്രട്ടറി ജനറൽ സന്ദർശിക്കും. രാജ്ഗിറിലെ നളന്ദ സർവകലാശാലയിൽ "ആസിയാന്റെ ഭാവി: പുരോഗമിക്കുന്ന തന്ത്രപ്രധാനമായ അന്തരീക്ഷത്തിൽ ആസിയാന്റെ പ്രസക്തിയും നിലനിൽപ്പും" എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തും. ആസിയാൻ-ഇന്ത്യ സഹകരണ പദ്ധതികൾക്ക് കീഴിൽ ആസിയാൻ അംഗ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ സർവകലാശാലയിൽ ഉന്നത പഠനം നടത്തുന്നുണ്ട്. ആസിയാൻ-ഇന്ത്യ നെറ്റ്‌വർക്ക് ഓഫ് യൂണിവേഴ്സിറ്റികളിലെ (AINU) മുൻനിരയിലുള്ള സർവകലാശാലയാണ് നളന്ദ സർവകലാശാല.

4. 2024-ൽ പത്താം വർഷത്തിലേക്ക് കടക്കുന്ന ഇന്ത്യയുടെ ആക്റ്റ് ഈസ്റ്റ് പോളിസിയുടെയും വിശാലമായ ഇന്തോ-പസഫിക് വീക്ഷണത്തിന്റെയും ഒരു പ്രധാന ഭാഗമാണ് ആസിയാനുമായുള്ള ഇടപെടൽ. 2022-ൽ ആസിയാൻ-ഇന്ത്യ ബന്ധം സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർന്നു. ആസിയാൻ കേന്ദ്രീകരണത്തെയും ഇന്തോ-പസഫിക്കിലെ ആസിയാൻ കാഴ്ചപ്പാടിനെയും (AOIP) ഇന്ത്യ ശക്തമായി പിന്തുണയ്ക്കുന്നു. "ആസിയാൻ: കണക്റ്റിവിറ്റിയും പ്രതിരോധശേഷിയും മെച്ചപ്പെടുത്തൽ" എന്ന പ്രമേയം സ്വീകരിച്ചുകൊണ്ട് 2024 വർഷത്തേക്കായി ആസിയാൻ

ചെയർമാൻഷിപ്പിൽ ലാവോ പിഡിആർ നിശ്ചയിച്ചിട്ടുള്ള മുൻഗണനകളെയും ഇന്ത്യ പിന്തുണയ്ക്കുന്നു.

**ന്യൂഡൽഹി**
**ഫെബ്രുവരി 9, 2024**